# തീരപ്രദേശങ്ങളിൽ ആവേശം വിതറിയ സോളിഡാരിറ്റി സമരപ്രയാണങ്ങൾ

**കോഴിക്കോട്:** 'കടലിന്റെ മക്കളെ കുടിയിറക്കരുത്' എന്ന മുദ്രാവാക്യമുയർത്തി സോളിഡാരിറ്റി നടത്തിയ തീരദേശ സമരപ്രയാണങ്ങൾ കേരളതീരങ്ങളിൽ സമരാവേശവും പുത്തൻ പ്രതീക്ഷകളും ഉണർത്തി. തിരുവനന്തപുരത്തുനിന്ന് ആരംഭിച്ച ദക്ഷിണമേഖല ജാഥക്ക് സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ ശഫീഖും കാസർകോട് നിന്നാരംഭിച്ച ഉത്തരമേഖല ജാഥക്ക് സംസ്ഥാന സെക്രട്ടറി എം. സാജിദും നേതൃത്വം നൽകി. ഇരു ജാഥകളും ഒത്തുചേർന്ന എറണാകുളത്തെ ഫോർട്ട് കൊച്ചി കടപ്പുറത്ത് നടന്ന പ്രയാണ സംഗമം തീരദേശത്ത് വരാനിരിക്കുന്ന ആവേശോജ്വലമായ സമരനിരകളുടെ കാഹളം മുഴക്കുന്നതായിരുന്നു.



തിരുവനന്തപുരത്ത് പെരുമാതുറയിൽ നടന്ന സമരപ്രഖ്യാപന സമ്മേളനത്തിലാണ് ജാഥ ഫ്ളാഗ് ഓഫ് ചെയ്യപ്പെട്ടത്. സമ്മേളനം വി.എം സുധീരൻ ഉദ്ഘാടനം ചെയ്തു. കടലോരവാസികളെ കുത്തുപാളയെടുപ്പിക്കുന്ന CZM കരട് വിജ്ഞാപനം തള്ളിക്കളയണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. തീരദേശത്തെക്കുറിച്ചറിയുന്ന ആരുംതന്നെ സ്വാമിനാഥൻ കമ്മിറ്റിയിൽ ഉണ്ടായിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ ജാഥാ ക്യാപ്റ്റന് പതാക കൈമാറി ഫ്ളാഗ് ഓഫ് ചെയ്തു.

തീരവാസികളുടെ നിലനിൽപ്പും തീരങ്ങളുടെ പരിസ്ഥിതിയും അട്ടിമറിക്കുംവിധം പുതിയ തീരദേശ പരിപാലന വിജ്ഞാപനം കൊണ്ടുവരാനുള്ള കേന്ദ്രസർക്കാർ നീക്കത്തെക്കുറിച്ച് ബോധവൽക്കരിക്കാനും പ്രതിരോധം ഉയർത്താനും വേണ്ടിയായിരുന്നു സമരപ്രയാണങ്ങൾ സംഘടിപ്പിച്ചത്. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടും CZM കരട് വിജ്ഞാപനവും തള്ളിക്കളയുക, വിദേശ ട്രോളറുകളുടെ ലൈസൻസ് റദ്ദാക്കുക, മത്സ്യ ഇറക്കുമതി നിരോധിക്കുക, മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുക, ധാതുമണൽ ഖനനത്തിൽ നേരിട്ടുള്ള വിദേശ നിക്ഷേപം റദ്ദാക്കുക, ഹരിതതീരം, സുനാമി പുനരധിവാസപദ്ധതി, CRZ എന്നിവയുടെ മറവിലുള്ള കുടിയൊഴിപ്പിക്കലുകൾ തടയുക എന്നീ ആവശ്യങ്ങളാണ് പ്രയാണങ്ങളിൽ ഉന്നയിച്ചത്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലൂടെ കടന്നുപോയ ദക്ഷിണമേഖല ജാഥക്ക് ഹൃദ്യമായ സ്വീകരണങ്ങളാണ് ലഭിച്ചത്. മത്സ്യത്തൊഴിലാളികൾ തനതായ ശൈലിയിൽ തോർത്ത് പുതപ്പിച്ചും ഇളനീർ നൽകിയും ജാഥാംഗങ്ങളെ വരവേറ്റു. കൊല്ലം ജില്ലയിലെ അഴീക്കൽ, എറണാകുളത്തെ സൗദിയ ബീച്ച് എന്നിവിടങ്ങളിലൂടെ കടന്നുപോയ ജാഥ തദ്ദേശവാസികൾ തടഞ്ഞുനിർത്തി സ്വീകരണം നൽകി. ആലപ്പുഴയിലെ അന്ധകാരനഴിയിലെ സ്വീകരണയോഗത്തിൽ ഗ്രാമവാസികൾ ഒന്നടങ്കം പങ്കുകൊണ്ടു. സോളിഡാരിറ്റി യൂനിറ്റ് രൂപീകരിക്കണമെന്ന് യുവാക്കൾ നേതാക്കളോടാവശ്യപ്പെട്ടു. പ്രാദേശിക ക്രിസ്തീയ സഭകളുടെ പൂർണ പിന്തുണയോടെയാണ് പരിപാടികൾ നടന്നത്. കൊല്ലത്തെ ചെറിയഴീക്കലിൽ പരിപാടി നടന്നുകൊണ്ടിരിക്കെ സമീപമുള്ള ക്ഷേത്രത്തിലെ ഉച്ചഭാഷിണി ഓഫ് ചെയ്തുകൊണ്ട് ഭാരവാഹികൾ ഐക്യദാർഢ്യം പ്രകടിപ്പിച്ചു. തീരസംരക്ഷണ സമിതിയുടെ പ്രവർത്തകർ കൊല്ലം ജില്ലയിൽ ജാഥയെ അനുഗമിച്ചു. തിരുവനന്തപുരത്ത് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ നേതാവ് പീറ്ററും സഹപ്രവർത്തകരും ഓരോ പരിപാടിയിലും സജീവമായി പങ്കുകൊണ്ടു.

തിരുവനന്തപുരം ജില്ലയിലെ സമാപനം വെട്ടൂരിലും കൊല്ലത്ത് ആയിരംതെങ്ങിലും ആലപ്പുഴയിൽ അന്ധകാരനഴിയിലും നടന്നു. മൊത്തം 27 കേന്ദ്രങ്ങളിൽ സ്വീകരണങ്ങൾ നടന്നു. സംസ്ഥാന സമിതിയംഗങ്ങളായ സുനിൽഹസൻ, പി.ഐ നൗഷാദ്, കെ.എ ഫൈസൽ, വൈ. ഇർഷാദ് എന്നിവർ ജാഥയെ അനുഗമിച്ചു. കെ. സജീദ്, ഫിറോസ് കൊച്ചി, എം.പി ഫൈസൽ, വി.എ അബൂബക്കർ, ഹാഷിം പാലോട് എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നിർവഹിച്ചു.

കാസർകോട് ജില്ലയിലെ കുമ്പളയിലായിരുന്നു ഉത്തരമേഖല ജാഥയുടെ ഉദ്ഘാടനം. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന ജനറൽ സെക്രട്ടറി എം.കെ മുഹമ്മദലി പതാക കൈമാറി. അനീതി

യുടെയും സാമൂഹ്യതിന്മകളുടെയും പ്രയോക്താക്കളായി രാഷ്ട്രീയ പാർട്ടികൾ മാറുന്ന സാഹചര്യത്തിൽ ജനകീയ സമരങ്ങൾ രൂപപ്പെടേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിലൂടെ കടന്നുപോയ ജാഥക്ക് മത്സ്യത്തൊഴിലാളി സംഘടനകളുടെയും വിവിധ ട്രേഡ് യൂനിയനുകളുടെയും നേതാക്കൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കാസർകോട്ടെ നെല്ലിക്കുന്ന്, കീഴൂർ കടപ്പുറങ്ങളിൽ കുറുംബ ശ്രീഭഗവതി ക്ഷേത്രഭാരവാഹികൾ ജാഥയെ സ്വീകരിച്ചു. കൊയിലാണ്ടി കടപ്പുറത്ത് സ്വീകരണം നൽകിയ മത്സ്യത്തൊഴിലാളികൾ വീണ്ടും വരണമെന്ന അഭ്യർഥനയോടെയാണ് ജാഥാംഗങ്ങളെ യാത്രയാക്കിയത്. പരപ്പനങ്ങാടി കടപ്പുറത്തെ നിറഞ്ഞ സദസ്സ് ജാഥക്ക് അക്ഷരാർഥത്തിൽ ആവേശമേറ്റി. എറണാകുളത്തെ ചെറായി ബീച്ചിലെ അനധികൃത റിസോർട്ട് നിർമാണങ്ങളെ ചെറുക്കണമെന്നാവശ്യപ്പെട്ട് പ്രദേശവാസികൾ ജാഥാ ക്യാപ്റ്റനെ സമീപിച്ചു.

കണ്ണൂർ ജില്ലയിലെ സമാപനം തലശ്ശേരി ചാലിൽ കടപ്പുറത്തും കോഴിക്കോട്ട് ചാലിയത്തും മലപ്പുറത്ത് പൊന്നാനിയിലും തൃശൂരിൽ എറിയാടും നടന്നു. മൊത്തം 29 കേന്ദ്രങ്ങളിൽ സ്വീകരണങ്ങൾ നടന്നു. സംസ്ഥാന സമിതിയംഗങ്ങളായ കെ. മുഹമ്മദ് നജീബ്, മുഹമ്മദ് ശമീം, എസ്. ഖമറുദ്ദീൻ, ബദീഉസ്സമാൻ, കെ.ടി. ഹുസൈൻ, ഫസൽ കാതിക്കോട് എന്നിവർ ജാഥയെ അനുഗമിച്ചു. സി.എച്ച് മുഹ്‌യിദ്ദീൻ, ശിഹാബുദ്ദീൻ ഇബ്നുഹംസ, സലീം മമ്പാട്, ശംസുദ്ദീൻ നദ്‌വി, അബ്ദുൽ ഹകീം നദ്‌വി എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നടത്തി. മുഖ്യമന്ത്രിക്കും പ്രധാനമന്ത്രിക്കും നൽകാനുള്ള നിവേദനങ്ങൾ സ്വീകരണ കേന്ദ്രങ്ങളിൽവെച്ച് ജാഥാ ക്യാപ്റ്റന്മാർ ഏറ്റുവാങ്ങി.

'കടലാണ് കരളാണ്' എന്ന തെരുവു നാടകത്തിന് എല്ലാ കേന്ദ്രങ്ങളിലും വൻ സ്വീകാര്യതയാണ് ലഭിച്ചത്. കേരളത്തിലെ കടലോരങ്ങളിൽ ആസന്നമായ കുടിയൊഴിപ്പിക്കലിന്റെയും മത്സ്യബന്ധന നിയന്ത്രണത്തിന്റെയും വിഹ്വലതകൾ പങ്ക് വെക്കുന്നതായിരുന്നു നാടകം.

ഇരു ജാഥകളും സംഗമിച്ച ഫോർട്ട്കൊച്ചി കടപ്പുറത്തെ സ്വീകരണസമ്മേളനം ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി ഉദ്ഘാടനം ചെയ്തു. ഉപ്പു കുറുക്കി ആരംഭിച്ച ബ്രിട്ടീഷ് വിരുദ്ധ സമരത്തിന്റെ തുടർച്ചയാണ് ഇപ്പോൾ കേരളതീരത്ത് മുഴങ്ങുന്നത്. ഈ രണ്ടാം സ്വാതന്ത്ര്യ സമരം വിജയം കാണാനുള്ളതാണ്, അദ്ദേഹം പറഞ്ഞു. സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ അധ്യക്ഷത വഹിച്ചു. ടി. പീറ്റർ, കെ.ജെ പോൾ, കെ.എ ശഫീഖ്, എം. സാജിദ് എന്നിവർ സംസാരിച്ചു. എം.എച്ച് അബ്ദുർറഹീം സ്വാഗതവും എസ്.എം സൈനുദ്ദീൻ നന്ദിയും പറഞ്ഞു. ■